LIBRARY ARCHIVES Kerala Legislative Assembly

വയലാറിൽ ഐ.റ്റി.ഐ

69 (5474) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ വയലാറിൽ അനുവദിച്ചിരിക്കുന്ന ഐ.ടി.ഐ.-യിൽ ഈ അദ്ധ്യായനവർഷം ക്ലാസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഏതൊക്കെ ട്രേഡുകളാണവിടെ നൽകിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വയലാർ ഉൾപ്പെടെ ബജറ്റിൽ പ്രഖ്യാപിച്ച എല്ലാ ഐ.ടി.ഐ. കളും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ട്രെയിനിംഗ് ഡയറക്ടറിൽനിന്നും ലഭ്യമായിട്ടുണ്ട്. ജൂലൈ 2010-ലെ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ ഇതിനുള്ള തുക ടോക്കൺ ആയി അനുവദിച്ചിട്ടുണ്ട്. ഈ വർഷംതന്നെ ക്ലാസ്സ് ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മെക്കാനിക് റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ രണ്ടു ട്രേഡുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇവ രണ്ടും പത്താംതരം വിജയിച്ചവർക്കുള്ള ദ്വിവത്സര മെട്രിക് എഞ്ചിനീയറിംഗ് ട്രേഡുകളാണ്.

കയ്യൂർ ഐ.റ്റി.ഐ

70 (5475) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയ്യൂർ ഐ.ടി.ഐ.-യിൽ എന്തെല്ലാം സൗകര്യങ്ങളാണ് വകുപ്പ് മുഖേന ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23-9-2006-ലെ സ.ഉ. (എം എസ്) നമ്പർ 59/2006/തൊഴിൽ പ്രകാരം കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. മാതൃകാ ഐ.ടി.ഐ.ആയി ഉയർത്തുകയുണ്ടായി. ഇതുവഴി മൂന്ന് ദീർഘകാല കോഴ്സുകളുടെയും മൂന്ന് ഹ്രസ്വകാല കോഴ്സുകളുടെയും രണ്ട് യൂണിറ്റുകൾ വീതം പുതിയതായി ആരംഭിക്കുകയും 14 തസ്തികകൾ അനുവദിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി പ്രതിവർഷം 340 പേർക്ക് കൂടുതലായി ട്രെയിനിംഗിന് അവസരം ലഭിക്കും.

5-9-2008-ലെ സ.ഉ. (എം എസ്) നമ്പർ 126/2008/തൊഴിൽ പ്രകാരം മറ്റ് ആറ് ഐ.ടി.ഐ.കൾക്കൊപ്പം കയ്യൂർ ഐ.ടി.ഐ.യേയും ഒന്നാം നിര ഐ.ടി.ഐ. ആയി ഉയർത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി 19 പുതിയ തസ്തികകൾ അനുവദിക്കുകയുണ്ടായി. ഐ.ടി.ഐ.-യെ ഒന്നാം നിരയായി ഉയർത്തുക വഴി 84 പേർക്ക് പ്രതിവർഷം പുതിയതായി പരിശീലനത്തിന് അവസരം ലഭിക്കും.

കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.യെ കേന്ദ്ര സർക്കാരിന്റെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 1396 ഗവൺമെന്റ് ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2008-09 വർഷം മുതൽ വികസന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ടി സൊസൈറ്റിക്ക് കേന്ദ്ര സർക്കാരിൽനിന്നും ദീർഘകാല പലിശരഹിത വായ്പയായി 3-12-09-ൽ 2.5 കോടി രൂപ (രണ്ടര കോടി രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ട്രേഡുകളുടെ നിലവാരം ഉയർത്തുകയും പുതിയതായി വെൽഡർ (ഗ്യാസ് ആന്റ് ഇലക്ട്രിക്) എന്ന പുതിയ ട്രേഡ് ആരംഭിക്കുകയും ചെയ്യുന്ന പദ്ധതിയുണ്ട്.

കയ്യൂർ ഐ.ടി.ഐ.-യിലെ നിലവിലുള്ള കെട്ടിടത്തിന്റെ രണ്ടാം നില പണിയുന്നതിന് 78 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2009-10 വർഷം മൈനർ വർക്ക്സ് ഇനത്തിൽ കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണത്തിന് 15 ലക്ഷം രൂപ അനുവദിക്കുകയും പൊതുമരാമത്ത് വകുപ്പിന് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടി ഐ.ടി.ഐ.-യിൽ പെൺകുട്ടികളുടെ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണത്തിന് 2009-10 വർഷം 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി ഐ.ടി.ഐ.-ക്കായി 34,29,743 രൂപയുടെ യന്ത്രോപകരണങ്ങൾ, 2,29,554 രൂപയുടെ ഫർണിച്ചറുകൾ, ട്രെയിനിംഗ് ആവശ്യത്തിനായി ടെമ്പോ ട്രാവലർ, മാരുതി വാഗണർ, അമ്പാസിഡർ കാർ എന്നിവയും സംഭരിച്ചിട്ടുണ്ട്.

പുതുതായി അനുവദിച്ച ഐ.റ്റി.ഐ.കൾ

71 (5476) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഐ.റ്റി.ഐ.കൾ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകാമോ ;

(ബി) ഐ.റ്റി.ഐ.കൾ സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാരിന് ലഭിച്ചിട്ടുള്ള അപേക്ഷകൾ ഏതെങ്കിലും പരിഗണിക്കാതെയോ, അനുവദിക്കാതെയോ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ; ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly